**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **24-02-2022 - ൽ മറുപടിയ്ക്ക്**

**ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സസ്പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ സി ആർ മഹേഷ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള 15 മരങ്ങൾ മുറിക്കാൻ അനുമതി നൽകിയതിനെത്തുടർന്ന് സസ്പെൻഷനിലായ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻ ബെന്നിച്ചൻ തോമസിനെ സർവീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; | (എ) | ഉണ്ട് . ശ്രീ ബെന്നിച്ചൻ തോമസ് ഐഎഫ്എസ് -ന്റെ സസ്പെൻഷൻ പുനപരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി 08.12.2021 ൽ യോഗം ചേരുകയും മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയതിനാലും ഇത് മൂലം പ്രസ്തുത സ്ഥലത്ത് മരം മുറി നടന്നില്ല എന്നതും വിലയിരുത്തി അച്ചടക്ക നടപടിയിൽ അന്തിമതീർപ്പിന് വിധേയമായി പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരിച്ചെടുക്കാൻ ശുപാർശ നൽകുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച് ശ്രീ.ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-ന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. |
| (ബി) | ചീഫ് സെക്രട്ടറി സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയ ഷോകോസ് നോട്ടീസിന് മറുപടി ലഭിക്കുന്നതിന് മുൻപ് സസ്പെൻഷൻ പിൻവലിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ഉണ്ട് . ശ്രീ ബെന്നിച്ചൻ തോമസ് ഐഎഫ്എസ് -ന്റെ സസ്പെൻഷൻ പുനപരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി 08.12.2021 ൽ യോഗം ചേരുകയും മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയതിനാലും ഇത് മൂലം പ്രസ്തുത സ്ഥലത്ത് മരം മുറി നടന്നില്ല എന്നതും വിലയിരുത്തി അച്ചടക്ക നടപടിയിൽ അന്തിമതീർപ്പിന് വിധേയമായി പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരിച്ചെടുക്കാൻ ശുപാർശ നൽകുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച് ശ്രീ.ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-ന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | സെക്രട്ടറിതല നിർദേശം ലഭിച്ചതിനെത്തുടർന്നായിരുന്നു മരം മുറിക്കാൻ അനുമതി നൽകിയത് എന്ന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ വിശദീകരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ശ്രീ ബെന്നിച്ചൻ തോമസ് ഐഎഫ്എസ് സമർപ്പിച്ച പ്രതിവാദപത്രിക സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ചീഫ് വൈൽഡ് ലൈഫ് വാർഡനെ സസ്പെൻഡ് ചെയ്ത് താമസിയാതെ തന്നെ തിരിച്ചെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ? | (ഡി) | ഉണ്ട് . ശ്രീ ബെന്നിച്ചൻ തോമസ് ഐഎഫ്എസ് -ന്റെ സസ്പെൻഷൻ പുനപരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി 08.12.2021 ൽ യോഗം ചേരുകയും മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയതിനാലും ഇത് മൂലം പ്രസ്തുത സ്ഥലത്ത് മരം മുറി നടന്നില്ല എന്നതും വിലയിരുത്തി അച്ചടക്ക നടപടിയിൽ അന്തിമതീർപ്പിന് വിധേയമായി പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരിച്ചെടുക്കാൻ ശുപാർശ നൽകുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച് ശ്രീ.ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-ന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ